# മരുഭൂമിയിലെവിസ്മയം!!

## بِسْمِ اللّٰهِ الرَّحْمَنِ الرَّحِيمِ

## أَوَلَمْ يَرَوْا أَنَّا خَلَقْنَا لَهُمْ مِمَّا عَمِلَتْ أَيْدِينَا أَنْعَامًا فَهُمْ لَهَا مَالِكُونَ (71) وَذَلَّلْنَاهَا لَهُمْ فَمِنْهَا رَكُوبُهُمْ وَمِنْهَا يَأْكُلُونَ (72) وَلَهُمْ فِيهَا مَنَافِعُ وَمَشَارِبُ أَفَلَا يَشْكُرُونَ (73)

**"നിശ്ചയമായും നാം സ്വന്തമായി പ്രവര്‍ത്തിച്ചുണ്ടാക്കിയതില്‍ നിന്ന് കന്ന് കാലികളെ അവര്‍ക്ക് വേണ്ടി നാം സൃഷ്ടിച്ചുകൊടുത്തിട്ടുള്ളത് അവര്‍ അറിയുന്നില്ലേ ? അങ്ങനെ അവര്‍ അവയുടെ ഉടമസ്ഥരായിത്തീരുന്നു. അവയെ അവര്‍ക്ക് നാം വിധേയമാക്കിക്കൊടുത്തിരിക്കുകയാണ്. അങ്ങനെ അവയില്‍ ചിലത് അവരുടെ വാഹനമാണ്. അവയില്‍ നിന്ന് അവര്‍ ഭക്ഷിക്കുകയും ചെയ്യുന്നു. അവയില്‍ അവര്‍ക്ക് മറ്റ് ചില ഉപയോഗങ്ങളും കുടിക്കാനു ള്ള വസ്തുക്കളുമുണ്ട്. എന്നിരിക്കേഅവര്‍ നന്ദികാണിക്കുന്നില്ലേ ? (സൂറത്തുയാസീന്‍ 71 ,72, 73 )**



www.islamkerala.com

പ്രവിശാലമായ ഈ പ്രപഞ്ചത്തിലെ അനിഷേധ്യ അധികാരിയായ മനുഷ്യന്റെ ജീവിത സൗഖ്യത്തിന് വേണ്ടിയാണ് ഭൂമിയിലെ സർവ്വതും സൃഷ്ടിക്കപ്പെട്ടിരുന്നത്. പ്രപഞ്ചത്തിലെ അസംഖ്യം ജീവികളിൽ പെട്ട ഒരുവിഭാഗമാണ് മൃഗങ്ങൾ. നമുക്കാവശ്യമായ മാംസം , പാൽ , രോമം , വെണ്ണ , നെയ്യ് , വളം , തോൽ തുടങ്ങിയവയെല്ലാം ലഭിക്കുന്നതും ഇവയിൽ നിന്നാണ്. ( തഫ്സീറുൽ ഖുർതുബി 4/53) ഇവയൊന്നും അലക്ഷ്യമായി സൃഷ്ടിക്കപ്പെട്ടതല്ല. മറിച്ച് സുവ്യക്തമായ ലക്ഷ്യങ്ങൾ ഇവക്ക് പിന്നിലുണ്ട്. മൃഗങ്ങളെ പല വിധേനയും പ്രയോജനപ്പെടുത്തുന്നതോടൊപ്പം തന്നെ അവയുടെ സൃഷ്ടികർമ്മങ്ങളിലടങ്ങിയിട്ടുള്ള അത്ഭുത പാഠങ്ങൾ പഠിച്ചറിഞ്ഞ് യഥാർത്ഥ സ്രഷ്ടാവിന് സർവ്വം സമർപ്പിക്കുകയും അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുകയും അവന്റെ ആജ്ഞകൾ അനുവർത്തിക്കുകയും ചെയ്യേണ്ടത് നമ്മുടെ ബാധ്യതയാണ്.



വലിപ്പത്തിലും വർണ്ണത്തിലും രൂപത്തിലും വൈവിധ്യങ്ങളായ മൃഗങ്ങൾ പ്രപഞ്ചത്തിലുണ്ട്. ഏകദേശം 15,000ത്തോളം മൃഗവർഗ്ഗങ്ങളെ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. 10,000 വർഷങ്ങൾക്ക് മുമ്പ് തന്നെ മനുഷ്യൻ മൃഗങ്ങളെ ഇണക്കി വളർത്തിയിരുന്നു. (world book EP1/377)

വിശുദ്ധ ഖുർആനിൽ പല മൃഗങ്ങളുടെയും പേരെടുത്ത് പ്രതിപാദിച്ചിട്ടുണ്ട്. വളർത്തു മൃഗങ്ങളായ കന്നകാലികളും ആടുമാടുകളും, കുതിര,കഴുത, പന്നി, നായ, ആന , ഒട്ടകം മുതലായവയും വന്യമൃഗങ്ങളായ കുരങ്ങ്, ചെന്നായ , സിംഹം , തുടങ്ങിയവയുമെല്ലാം ഖുർആൻ പരാമർശിച്ചിട്ടുണ്ട്.

www.islamkerala.com




# أَفَلَا يَنظُرُونَ إِلَى الْإِبِلِ كَيْفَ خُلِقَتْ



**" ഒട്ടകത്തിന്റെ നേർക്ക് അവർ നോക്കുന്നില്ലേയോ , അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് ? "( സൂറത്തുൽ ഗാശിയ 17 )**

**ഒട്ടകത്തിന്റെ സൃഷ്ടിവൈഭവത്തെക്കുറിച്ച് ചിന്തിക്കുവാനും പാഠമുൾക്കൊള്ളാനുമുള്ള ഖുർആനിന്റെ നിർദ്ദേശമാണിത്. മരപ്പരപ്പിലെ ജനങ്ങൾക്ക് പല വിധേനയും ഏറെ പ്രയോജനമുള്ളൊരു മൃഗമാണിത്. മരുഭൂമിയിലെ പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന ഇതിന്റെ അനുസരണ ശീലവും സഹനശക്തിയും ഏറെ പ്രസിദ്ധമാണ്. ( ബഹ്റുൽ മുഹീത്വ് 4/242)**
**" മരുഭൂമിയിലെ കപ്പൽ " എന്നറിയപ്പെടുന്ന ഒട്ടകത്തിന് ഏകദേശം 300 കി. ഗ്രാം വരെ ഭാരം ചുമന്ന് വെള്ളവും ഭക്ഷണങ്ങളൊന്നുമില്ലാതെ മരുഭൂമിയിലെ അത്യുഷ്ണത്തിലും അതി ശൈത്യത്തിലും ഒരു ദിവസം ചുരുങ്ങിയത് 40 കി.മീ. സഞ്ചരിക്കാനുള്ള കഴിവുണ്ട്. മുതുകിലൊരു മുഴ ഒട്ടകത്തിന്റെ പ്രത്യേകതയാണ്. മുതുകിൽ ഒരു "പൂഞ്ഞ" മാത്രമുള്ള ഒട്ടകത്തെ അറേബ്യൻ ഒട്ടകമെന്നും രണ്ട് മുഴകളുള്ളതിനെ ബാക്ട്രീയൻ ഒട്ടകമെന്നും പറയാറുണ്ട്. ( അഖില വിജ്ഞാനകോശം 2/238)**
**ഒട്ടകത്തിന്റെ ശരീര ഘടനയുടെ സവിശേഷതകൾ മുഖേനെയാണ് അവക്ക് വെള്ളം കുടിക്കാതെ ദീർഘകാലം കഴിയാനാകുന്നത്. കൊടും വേനലിൽ പോലും ആറോ എട്ടോ ദിവസം വെള്ളം കുടിക്കാതെ ജീവിക്കാൻ കഴിയുന്നു. പച്ച സസ്യാഹാരം ലഭിക്കുകയും അന്തരീക്ഷ താപനിലയിൽ വലിയ ഏറ്റക്കുറച്ചിലുകളൊന്നും സംഭവിക്കാതിരിക്കുകയും ചെയ്താൽ ഇവയ്ക്ക് മാസങ്ങളോളം വെള്ളമില്ലാതെ കഴിയാം ( എന്തു കൊണ്ട് ? എന്ത് കൊണ്ട് ? 17 )**

www.islamkerala.com




മറ്റ് സസ്തനികളെപ്പോലെ ഒട്ടകത്തിനും ശരീര താപനില നിയന്ത്രിക്കു ന്നതി നും നില നിൽ പ്പിനും ജലം ആവശ്യമാണ്. ഒട്ടകത്തിന്റെ ഒരു പ്രത്യേകത അ ത് ശരീരത്തിൽ നിന്ന് വെള്ളം വ്യഥാ കളയാതെ ജീവിക്കു ന്നുവെന്നതാണ്. ഒട്ടകത്തിന്റെ ശരീര താപനില അസ്ഥിരമാണ്. 34°C മുതൽ 41°C വരെ ആ കാം ഒട്ടകത്തിന്റെ ശരീരതാപനില. ഇത് അന്തരീക്ഷത്തിലെ താപനിലക്കു നസരിച്ച് വ്യത്യാസപ്പെടുന്നു. 41°C വരേക്കും ഒട്ടകം വിയർക്കു ന്നില്ല. സൂര്യതാ പത്തെ രോമങ്ങൾ ഒരു പരിധിവരെ തടുക്കുന്നു. വെള്ളം നഷ്ടപ്പെടുന്നത് തട യാനുള്ള ഒട്ടകത്തിന്റെ കഴിവ് മറ്റൊരു പ്രത്യേകതയാണ്. സസ്തനികളിൽ മറ്റുള്ളവയെല്ലാം 20% വെള്ളം നഷ്ടപ്പെട്ടാൽ ചത്ത് പോകും. എന്നാൽ ഒട്ടകം 40% വരെ ജലം നഷ്ടപ്പെട്ടാലും ചാകുന്നില്ല. (LBID18)

ജല നഷ്ടം കുറക്കാൻ ഒട്ടകത്തിന് ചില അടവുകളുണ്ട്. മൂക്കിനകത്തുള്ള കട ലാസ് ചുരുൾ പോലുള്ള ശ്ലേഷ്മപടലം ഉച്ഛ്വാസവായുവിലൂടെ ജലം നഷ്ടപ്പെടു ന്നത് തടയുന്നു. മനുഷ്യന്റെ നാസികളിലെ ഈ ഭാഗത്തിന്റെ പ്രതല വിസ്തീ ർണ്ണം വെറും 12 ച. സെ.മീ. വരും. നീരാവി കലർന്ന ഉച്ഛ്വാസ വായുവിലുള്ള നീരാവിയും ചൂടും ഈ പടലം വലിച്ചെടുക്കുന്നതിനാൽ ശരീരതാപനില യേക്കാൾ 18°C വരെ താഴ്ന്ന താപനിലയിൽ പോലും ഉച്ഛ്വാസവായുവിന്റെ ചൂട് നിലനിർത്താൻ കഴിയുന്നു. അയവിറക്കുന്ന മറ്റു ജീവികളെപ്പോലെ ഒട്ട

കത്തിന്റെ ആമാശയ അറയായ 'റൂമറിൽ' ഭക്ഷണവുമായി കലർന്ന ധാരാളം ജലം കാണാമെങ്കിലും വെള്ളം സൂക്ഷിക്കാനുള്ള പ്രത്യേക സംവിധാനമല്ല ഇത്. ( അൽ വഅ്യുൽ ഇസ്ലാമി മാഗസിൻ, ജനുവരി )

കാൽ വിരലുകൾ മണ്ണിൽ പുതഞ്ഞ് പോകാത്ത വിധത്തിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കടുത്ത ചൂടിൽ നിന്ന് കണ്ണിനെ രക്ഷിക്കാൻ വലിയ കൺപോളകൾ ഇതിനുണ്ട്. ഘ്രാണശക്തി കൂടുതലാണ്. മരുഭൂമിയിലെ കള്ളിച്ചെടികളും ധാന്യങ്ങളും ഈത്തപ്പഴങ്ങളുമാണിവയുടെ ഭക്ഷണം. മുതുകിലെ മുഴയും ജലസംഭരണശേഷിയുമായി ബന്ധമുണ്ട്. മുഴയിലെ പ്രധാനഘടകം കൊഴുപ്പാണ്. ഈ കൊഴുപ്പാണ് ആവശ്യം വരുമ്പോൾ ജലമായി ഉപയോഗിക്കുന്നത്. കൊഴുപ്പ് തീരുമ്പോൾ മുഴ ചുരുങ്ങുകയും വീണ്ടും ജലം ലഭിക്കുമ്പോൾ പഴയത് പോലെ വലുതാവുകയും ചെയ്യുന്നു. ( സർവ്വ വിജ്ഞാന കോശം 3/529 )

ചില സ്ഥലങ്ങളിൽ ഒട്ടകത്തെ നിലം ഉഴുവാൻ ഉപയോഗിക്കുന്നു. ഒട്ടകത്തിന്റെ മാംസവും പാലും മരുപ്രദേശങ്ങളിലുള്ളവരുടെ ആഹാരമാണ്. ഒട്ടകങ്ങളുടെ പരമാവധി ആയുസ്സ് 40 ആണ്. ഒരു ഹദീസിൽ ഇങ്ങനെ കാണാം " ഒട്ടകം അതിന്റെ ഉടമസ്ഥർക്ക് അഭിമാനമാണ് " ( ബുഖാരി 2305 )






വിശപ്പടക്കാനും തണുപ്പകറ്റാനും.....

وَالْأَنْعَامَ خَلَقَهَا لَكُمْ فِيهَا دِفْءٌ وَمَنَافِعُ وَمِنْهَا تَأْكُلُونَ

"കാലികളെ അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്ക് അവയിൽ തണുപ്പകറ്റാനും മറ്റ് പ്രയോജനങ്ങളുമുണ്ട്. അവയിൽ നിന്ന് തന്നെ നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു. ( സൂറത്തുന്നഹ്ൽ 5)

മാംസത്തിന് പുറമെ കാലികളിൽ നിന്ന് ഔഷധവീര്യമുള്ള പാൽ നമുക്ക് ലഭിക്കുന്നുണ്ട്. ഇതിനെപ്പറ്റി ഖുർ ആൻ പറയുന്നത് കാണുക.

وَإِنَّ لَكُمْ فِي الْأَنْعَامِ لَعِبْرَةً نُّسْقِيكُم مِّمَّا فِي بُطُونِهِ مِن بَيْنِ فَرْثٍ
وَدَمٍ لَّبَنًا خَالِصًا سَآئِغًا لِلشَّارِبِينَ (66)

www.islamkerala.com

" കാലികളുടെ കാര്യത്തിൽ തീർച്ചയായും നിങ്ങൾക്ക് പാഠമുണ്ട്. അവയുടെ ഉദരത്തിലുള്ളതി നിന്ന് കാഷ്ഠത്തിനും രക്തത്തിനമിടയിൽ നിന്ന് ശുദ്ധമായ പാൽ നിങ്ങൾക്ക് കുടിക്കുവാനായി നാം നൽകുന്നു. (സൂറത്തുന്ന ഹ്ൽ 66 )

കാലികൾ കഴിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ ഒരു ഭാഗം കാഷ്ഠവും മൂത്രവു മായി പുറന്തള്ളപ്പെടുകയും ഒരു ഭാഗം ശരീരത്തിലേക്ക് വലിച്ചെടുക്ക പ്പെടുകയും ചെയ്യുന്നു. മറ്റൊരു ഭാഗം പാലായും മാറുന്നു. ഒരേതരം തീറ്റ ക്ക് തന്നെ എന്തെല്ലാം അവസ്ഥാന്തരങ്ങൾ ? ഇതിൽ നമുക്ക് പാഠമില്ലേ ?
പെൺസസ്തനികളുടെ സ്തനഗ്രന്ഥികളിൽ നിന്ന് പുറത്ത് വരുന്ന ദ്രവമാണീ പാൽ പശു, എരുമ , ഒട്ടകം , ആട് , കഴുത , തുടങ്ങിയ വളർത്തു മൃഗങ്ങളുടെ പാൽ മനുഷ്യൻ ഉപയോഗിച്ചു വരുന്ന. ( അഖില വിജ്ഞാനകോശം 3/699) മിക്കവാറും എല്ലാ പോഷകഘടകങ്ങളും പാലിൽ അടങ്ങിയിട്ടുണ്ട്. പാലിന്റെ പോഷകവീര്യത്തിന് കാരണം അതിലടങ്ങിയിട്ടുള്ള ഉയർന്ന ജൈവമൂല്യമുള്ള പ്രോട്ടീനും വിറ്റമിൻ 'എ' യും റീബോഫ്ളവിനുമാണ്. ഇരുമ്പിന്റെ അംശം പാലി ൽ കുറവാണ്.

കടപ്പാട് : പ്രപഞ്ചം
ഒരു ഖുർആനിക വായന
ഉമർ ഏളന്നൂർ

മാന്യ സുഹൃത്തുക്കളെ, ഈ സന്ദേശം നിങ്ങളുടെ സുഹൃത്തുക്കൾക്കും മറ്റ് സ ഹോദര സഹോദരിമാർക്കും ഫോർവേഡ് ചെയ്ത് പുണ്യം നേടുന്നതിൽ പങ്കാ ളിയാവുക. നിങ്ങളുടെ വിലപ്പെട്ട സമയത്തുള്ള പ്രാർത്ഥനയിൽ ഈ വിനീത നെയും ഉൾപ്പെടുത്തണമെന്ന് വളരെവിന യത്തോടെ
സി. പി. അബ്ദുല്ല ചെരുമ്പ

www.islamkerala.com

e-mail : abdulla_cherumba@yahoo.com
Mobile : 0091 9400534861